## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3348 08-11-2019-ന് മറുപടിയ്ക്ക്**

## അഗ്രോപാർക്കുകൾ

**ചോദ്യം**

**ശ്രീ. ജോർജ് എം. തോമസ്**
**ശ്രീ. കെ. കുഞ്ഞിരാമൻ**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. മുരളി പെരുനെല്ലി**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽകുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൃഷിയിൽ പ്രത്യേകിച്ച് പച്ചക്കറിയുല്പ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യത്തിന്, കാലാവസ്ഥാ വ്യതിയാനവും പരിണിതഫലമായ ആവർത്തിച്ചുള്ള കൊടുംപ്രളയവും വരൾച്ചയും ഏൽപ്പിച്ച കനത്ത ആഘാതം അതിജീവിക്കുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ; അറുപത്തിയഞ്ചു ലക്ഷത്തോളം കുടുബങ്ങളെ പങ്കാളികളാക്കി പച്ചക്കറി കൃഷി ജനകീയ പ്രസ്ഥാനമാക്കിത്തീർക്കാൻ സാധ്യമായിട്ടുണ്ടോ; | (എ) | പച്ചക്കറിയുല്പ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവത്ക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യത ഉറപ്പാക്കൽ ഉൾപ്പെടെയുള്ള ഘടകങ്ങൾ സർക്കാർ പച്ചക്കറി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷം 82166.55 ഹൈക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി. 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ലഭിക്കുകയും ഉണ്ടായി. എന്നാൽ നടപ്പു സാമ്പത്തിക വർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.<br>2018-19 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 1 കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്തു. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകി. ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 25000 |

| | | | |
|---|---|---|---|
| | | | ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം മൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽ നിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് പുനർജ്ജനി എന്ന പദ്ധതിയിലൂടെ 1 കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തു.<br><br>സംസ്ഥാനത്തെ 65 ലക്ഷം കുടുബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നല്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ജലസേചന സൗകര്യം, നല്ലയിനം വിത്ത്, വളം, കീടനാശിനി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനു നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാനം തരിശുരഹിതമാക്കുന്നതിനുള്ള പരിപാടിയെക്കുറിച്ചുമുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി) | വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1.05 ലക്ഷം രൂപ വീതം ധനസഹായം നൽകികൊണ്ടുള്ള പദ്ധതിയാണ്. പച്ചക്കറി കൃഷിയ്ക്കായുള്ള ജലസേചന സൗകര്യത്തിനായി പമ്പ് സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെയും, പച്ചക്കറി കൃഷിയെ കീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും, സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിനും യൂണിറ്റൊന്നിന് 1,500/- രൂപവരെയും സബ്സിഡി നൽകി വരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകി വരുന്നു. മീഡിയ, എൻ.ജി.ഒകൾ മുഖാന്തിരവും നല്ലയിനം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമസൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിലെ ഘടകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ദീർഷകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോസർവ്വീസ് സെന്ററുകൾ മുഖാന്തിരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 990 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിനു 30000 രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിനു 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചിലവുകൾക്കായി 25000 രൂപയുമാണ് നൽകി വരുന്നത്. ഈ ഘടകത്തിനായി നടപ്പു സാമ്പത്തിക വർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കാർഷിക രംഗത്തെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് മൂല്യവർദ്ധിതതോല്പന്ന ങ്ങളുടെ നിർമ്മാണം വ്യാപക മാക്കുന്നതിനുദ്ദേശിച്ചു കൊണ്ടുള്ള അഗ്രോപാർ ക്കുകൾ സ്ഥാപിക്കുന്നത് | (സി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നാളികേരം, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവയ്ക്കായി അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശി ച്ചിട്ടുണ്ട്. നാളികേര അഗ്രോപാർക്കുകൾ വേങ്ങേരി കാർഷിക മൊത്തവ്യാപര വിപണിയിലും, കൂത്താളി ജില്ലാ കൃഷി |

| | | | |
|---|---|---|---|
| | സംബന്ധിച്ച വിശദാംശം അറിയിക്കാമോ ? | | ത്തോട്ടത്തിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ തേനും, വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കും, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാമ്പഴ അഗ്രോപാർക്കും, ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിലെ പഴത്തോട്ടത്ത് വെജിറ്റബിൾ പാർക്കും സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പാർക്കുകളുടെ മേൽനോട്ടത്തിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേരം, വാഴപ്പഴം, തേൻ എന്നീ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയും, മാമ്പഴ പാർക്ക് സ്ഥാപിക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെയും, വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെയും (VFPCK) ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

(signature)

**സെക്ഷൻ ഓഫീസർ**